"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-കാസർഗോഡ് ജില്ല ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജ് റീസർവ്വേ നമ്പർ 260/1എ1എ1ൽപ്പെട്ട 25 ഏക്കർ ഭൂമി സാനിറ്ററി ലാൻഡ് ഫിൽ സ്ഥാപിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) 25 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൻ) വകുപ്പ്**

സ.ഉ.(കൈ) നം.223/2023/RD തീയതി,തിരുവനന്തപുരം, 07-10-2023

---

പരാമർശം:- (1). 06.02.2016ലെ സ.ഉ(കൈ) 96/2016/റവ നമ്പർ ഉത്തരവ്.

(2). 14.09.2022ലെ സ.ഉ(സാധാ) 3798/2022/ആർ.ഡി നമ്പർ ഉത്തരവ് .

(3). കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ഡയറക്ടറുടെ 30.08.2022ലെ 102/ADMN/2022/KSWMP നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

(4). കാസർഗോഡ് ജില്ലാ കളക്ടറുടെ 12.09.2022ലെ 2/2022/DCKSRGD നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

(5) ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.03.2023ലെ LR/14924/2022-LR(K2) നമ്പർ കത്ത്.

(6) കാസർഗോഡ് ജില്ലാ കളക്ടറുടെ 29.07.2023ലെ DCKSGD/1299/2022-C1 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ല ഹോസ്ദുർഗ്ഗ് താലൂക്ക് ചീമേനി വില്ലേജിലെ റീ സർവ്വേ നമ്പർ 2601എ 1എ 1ൽ ഉൾപ്പെട്ട 475 ഏക്കർ ഭൂമി 100 മെഗാവാട്ട് സോളാർ പവർ പാർക്ക് സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (RPCKL) മുൻകൂർ കൈവശാനുമതി നൽകി ഉത്തരവായിരുന്നു. മിച്ചഭൂമിയായി ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (PCKL) പാട്ടത്തിന് നൽകിയ ഭൂമിയുടെ ഭാഗമായിരുന്നു ഇത്. ഈ 475 ഏക്കർ ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിന് (LSGD) കീഴിലുള്ള കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് 25 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

മേൽ പറഞ്ഞ 25 ഏക്കർ ഭൂമി കാസർഗോഡ് ജില്ല ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ പോത്താംകണ്ടം ജംഗ്ഷനിൽ നിന്നും ഏകദേശം 300 മീറ്റർ വടക്കായി, പോത്താംകണ്ടം-ചാനടുക്കം റോഡിന് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. പ്രസ്തുത ഭൂമിയുടെ വടക്ക്, കിഴക്ക്, തെക്ക് ഭാഗങ്ങളിൽ സോളാർ പാർക്കിനായി റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (RPCKL) കൈമാറുന്നതിന് മാറ്റിവച്ചിട്ടുള്ള ഭൂമിയും പടിഞ്ഞാറ് ഭാഗത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (PCKL) പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയുമാണ്. പ്രസ്തുത ഭൂമിയുടെ സ്ഥാനം താഴെ പറയുന്ന പ്രകാരമാണ്;

BP1: 12° 14'43.27" N, 75° 16'34.68" E

BP2: 12° 14'46.23"N, 75° 16'41.45" E

BP3: 12° 14'32.25"N, 75° 16'48.17" E

BP4: 12° 14'29.46"N, 75° 16'42.07" E

പ്രസ്തുത ഭൂമി പ്രതിവർഷം 21,99,653/- രൂപ (ഇരുപത്തൊന്നു ലക്ഷത്തി തൊണ്ണൂറ്റൊൻപതിനായിരത്തി അറുന്നൂറ്റൻപത്തിമൂന്ന് രൂപ) ഈടാക്കി 25 വർഷത്തേയ്ക്ക് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന് (KSWMP) സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകാമെന്ന് പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (RPCKL) പരാമർശം (2) പ്രകാരം മുൻകൂർ കൈവശാനുമതി നൽകിയ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിലെ റീ സർവ്വേ നമ്പർ 260/1എ 1എ 1ൽ ഉൾപ്പെട്ട 475 ഏക്കർ ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി പരാമർശം (1) പ്രകാരമുള്ള നിരക്കുകളുടേയും തുടർന്ന് വരുത്തിയ വർദ്ധനവുകളുടേയും അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക പാട്ടത്തുകയായ 21,99,653/- രൂപ (ഇരുപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി അറുന്നൂറ്റൻപത്തി മൂന്ന് രൂപ) ഈടാക്കിയും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന് 25 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) ഈ ഭൂമി സാനിറ്ററി ലാൻഡ് ഫിൽ നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കാവൂ.

II) ഈ ഭൂമിയെ എല്ലാതരത്തിലുമുള്ള കയ്യേറ്റങ്ങളിൽ നിന്നും കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് (KSWMP) തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്.

III) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

IV) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റേയും ആദ്യ മൂന്ന് മാസത്തിനുള്ളിൽ തന്നെ

ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച്ചവരുത്തുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതാണ്.

V) പാട്ടഭൂമിയിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

VI) പാട്ടഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കാൻ പാടില്ലാത്തതും, മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതുമാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
2) സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
3) ജില്ലാ കളക്ടർ, കാസർഗോഡ്
4) പ്രോജക്ട് ഡയറക്ടർ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-695014.
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം
6) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
7) പൊതുഭരണ (എസ്.സി) വകുപ്പ് (04.10.2023ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം നമ്പർ 1806 പ്രകാരം)
8) തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
9) ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
10) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhuja.k.r
സെക്ഷൻ ഓഫീസർ
Date: 07-10-2023 16:47:04

പകർപ്പ്- 1) ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-10-2023

ഫയൽ നം. റവന്യൂ-എൻ1/219/2022/റവ. ഇനം നം: 1806

വിഷയം : റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്ക്, ചീമേനി വില്ലേജിലെ റീസർവ്വേ 260/1എ1എ1-ൽപ്പെട്ട 25 ഏക്കർ ഭൂമി സാനിറ്ററി ലാൻഡ് ഫിൽ സ്ഥാപിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് 25 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവന്യൂ- എൻ 1/ 219/ 2022- റവ. |
| 2 | വകുപ്പ് | റവന്യൂ (എൻ) വകുപ്പ് |
| 3 | വിഷയം | കാസർഗോഡ് ജില്ല ഹോസ്ദുർഗ്ഗ് താലൂക്ക് ചീമേനി വില്ലേജിലെ റീസർവ്വേ 260/1എ 1എ 1 ൽപ്പെട്ട 25 ഏക്കർ ഭൂമി സാനിറ്ററി ലാൻഡ് ഫിൽ സ്ഥാപിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് 25 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.06.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഊർജ്ജ വകുപ്പ് മന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്ത ശേഷം കാസർഗോഡ് ജില്ലാ കളക്ടറുടെ നിർദ്ദേശം അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.ശോഭനകുമാർ. പി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23/09/23 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/09/23 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/09/23 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30/09/23 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 04/10/2023 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | സ.ഉ(കൈ) 223/2023/റവ തീയതി 07.10.2023 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക് ചീമേനി വില്ലേജിൽ റീ സർവ്വേ നമ്പർ 260/1A1A1 ൽ ഉൾപ്പെട്ട 25 ഏക്കർ ഭൂമി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സാനിറ്ററി ലാന്റ് ഫിൽ നിർമ്മിക്കുന്നതിന് 25 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് മന്ത്രിസഭയുടെ അനുമതി തേടിക്കൊണ്ടുള്ളതാണ് ഈ കുറിപ്പ്.

2) കേരള സർക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പിന് (LSGD) കീഴിൽ നഗര മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP). ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സാനിറ്ററി ലാൻഡ് ഫിൽ.

3) 14.09.2022 ലെ സ.ഉ. (സാധാ.) 3798/2022/റവ. നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ റീ സർവ്വേ നമ്പർ 260/1 എ 1 എ 1 ൽ ഉൾപ്പെട്ട 475 ഏക്കർ ഭൂമി 100 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (RPCKL) മുൻകൂർ കൈവശാനുമതി നൽകിയിരുന്നു. ഈ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ ഭാഗമായിരുന്നു . ഈ 475 ഏക്കറിൽ നിന്നും 25 ഏക്കർ ഭൂമി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് അനുവദിക്കാവുന്നതാണെന്ന് കാസർഗോഡ് ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നു.

4) മേൽ പറഞ്ഞ 25 ഏക്കർ ഭൂമി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ പോത്താംകണ്ടം ജംഗ്ഷനിൽ നിന്നും ഏകദേശം 300 മീറ്റർ വടക്കും, പോത്താംകണ്ടം ചാനടുക്കം റോഡിന് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. പ്രസ്തുത ഭൂമിയുടെ വടക്ക്, കിഴക്ക്, തെക്ക് ഭാഗങ്ങളിൽ സോളാർ പാർക്കിനായി റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്

(RPCKL) കൈമാറുന്നതിന് മാറ്റിവച്ചിട്ടുള്ള ഭൂമിയും പടിഞ്ഞാറ് ഭാഗത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡിന് പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയുമാണ്. പ്രസ്തുത ഭൂമിയുടെ സ്ഥാനം താഴെ പറയുന്ന പ്രകാരമാണ്;

BP1: 12° 14'43.27" N, 75° 16'34.68" E
BP2: 12° 14'46.23"N, 75° 16'41.45" E
BP3: 12° 14'32.25"N, 75° 16'48.17" E
BP4: 12° 14'29.46"N, 75° 16'42.07" E

5) പ്രസ്തുത ഭൂമി പ്രതിവർഷം 21,99,653/-രൂപ (ഇരുപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി അറുന്നൂറ്റൻപത്തിമൂന്ന് രൂപ) ഈടാക്കി 25 വർഷത്തേക്ക് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പാട്ടത്തിന് നൽകാമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

*i) ഈ ഭൂമി സാനിറ്ററി ലാന്റ് ഫിൽ നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കാവൂ.*

*ii) ടി ഭൂമിയെ എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP) തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്.*

*iii) ഓരോ മൂന്നുവർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.*

*iv) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്ന് മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതാണ്.*

*v) പാട്ടഭൂമിയിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.*

*vi) പാട്ടഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കാൻ പാടില്ലാത്തതും, മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.*

6) *ഈ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്;*

"Although the proposal of the District Collector, Kasargod was to allot the land to Local Self Government Department for the scientific land fill, it is seen that the land was provided for the Solar Park on long term lease. The terms and conditions of lease are not clear from the file. The Department has no objection to being allotted land on the same lease rates that were made applicable to the Power Department for solar park, or the current proposed rate, whichever is less".

7) 06.02.2016 ലെ സ.ഉ(എം.എസ്സ്) 96/2016/ആർ.ഡി. നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടേയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള 17.03.2018 ലെ ജി.ഒ (പി) 44/2018/ധന. 08.03.2019 ലെ സ.ഉ (പി) 28/2019/ധന. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം വരുത്തിയിട്ടുള്ള നിരക്ക വർദ്ധനവുകളുടേയും അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമിക്ക് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളത്.

8) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

14.09.2022 ലെ സ.ഉ. (സാധാ.) 3798/2022/റവ. നമ്പർ ഉത്തരവ് പ്രകാരം സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (RPCKL) മുൻകൂർ പ്രവേശനാനുമതി നൽകിയ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിലെ റീ സർവ്വേ നമ്പർ 260/1എ1എ1ൽ ഉൾപ്പെട്ട 475 ഏക്കർ ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി, ഖണ്ഡിക 5ൽ സൂചിപ്പിച്ച പാട്ട വ്യവസ്ഥകൾക്ക് വിധേയമായും 06.02.2016 ലെ സ.ഉ(എം.എസ്സ്) 96/2016/ആർ.ഡി നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടേയും തുടർന്ന് വരുത്തിയ വർദ്ധനവുകളുടേയും അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക പാട്ടത്തുകയായ 21,99,653/-രൂപ (ഇരുപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി അറുനൂറ്റമ്പത്തിമൂന്ന് രൂപ) ഈടാക്കി, സാനിറ്ററി

ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് (KSWMP) 25 വർഷത്തേക്ക് പാട്ടത്തിന് നൽകാമോ?